ഫിഷിംഗ് ഹാർബറുകൾ

*394 [416] ശ്രീ. ചടയൻ ഗോവിന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഫിഷിംഗ് ഹാർബറുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) അഴീക്കൽ ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുവാൻ കഴിയും;

(സി) ഈ ഹാർബറിനോടനുബന്ധിച്ചുള്ള ഐസ് പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനു ഏൽപ്പിച്ചിട്ടുള്ള കരാറുകാരുമായി വല്ല കേസും നിലവിലുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത കേസ് ആരംഭിച്ചിട്ട് എത്ര കാലമായി;

(ഇ) ഇപ്പോൾ അതിന്റെ നില എന്തായി?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ):

(എ) കൊച്ചിൻ ഫിഷിംഗ് ഹാർബർ മാത്രമേ പണി പൂർത്തിയായി പ്രവർത്തിക്കുന്നുള്ളു. എന്നാൽ സംസ്ഥാന ഗവൺമെന്റ് താഴെ പറയുന്ന സ്ഥലങ്ങൾകൂടി ഫിഷിംഗ് ഹാർബറുകളായി വികസിപ്പിക്കുന്നതിനുവേണ്ട നടപടികൾ എടുത്തു വരുന്നു.

വിഴിഞ്ഞം	നീണ്ടകര
അഴീക്കോട്	പൊന്നാനി
ബേപ്പൂർ	അഴീക്കൽ
തലായി	

(ബി) അടുത്ത സാമ്പത്തിക വർഷത്തിൽ പ്രാരംഭ നടപടിയായി മണ്ണുമാന്തൽ പണി തുടങ്ങുവാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

(സി) ഇപ്പോൾ നിലവിലില്ല. കരാറുകാർ (ആര്യാ റഫ്രിജറേഷൻ ആൻറ് എയർ കണ്ടീഷനിംഗ് കമ്പനി) ഗവൺമെൻറിനെതിരായി ആർബിട്രേഷൻ കേസു കൊടുക്കുകയും ആർബിട്രേഷൻ ചീഫ് ഇഞ്ചിനീയർ അവാർഡു പാസാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) 17.5.1976-ൽ ആണ് കേസ് ആരംഭിച്ചത്.

(ഇ) കമ്പനിയുടെ വീഴ്ച കാരണം ഐസ് പ്ലാൻറ് പ്രവർത്തിപ്പിക്കുന്നതിനു ഏൽപ്പിച്ചിരുന്ന കരാർ 16.11.1978-ൽ റദ്ദാക്കി. അവർ ഗവൺമെൻറിനെതിരായി ആർബിട്രേഷൻ കേസ് കൊടുക്കുകയും ആർബിട്രേഷൻ ചീഫ് ഇഞ്ചിനീയർ 2.11.1978-ൽ അവാർഡു പാസാക്കുകയും ചെയ്തു. ഈ അവാർഡു ഡിക്രിക്കു വേണ്ടി തിരുവനന്തപുരം പ്രിൻസിപ്പൽ സബ് കോർട്ടിൽ നിലവിലിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly